"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (സിമെറ്റ്)-ന് കീഴിൽ കൊല്ലം ജില്ലയിലെ ചവറ കേന്ദ്രമായി ആരംഭിക്കുന്ന നേഴ്സിംഗ് കോളേജിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(സി) വകുപ്പ്**

സ.ഉ.(കൈ) നം.195/2025/H&FWD തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:-

1. സ.ഉ (കൈ.) നം. 84/2023/ആ.കു.വ തീയതി 04.04.2023
2. സ.ഉ (കൈ.) നം. 129/2025/ആ.കു.വ തീയതി 29.04.2025
3. സിമെറ്റ് ഡയറക്ടറുടെ 02.05.2025 ലെ ഇ/1713/2025/സിമെറ്റ് നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയെ മാതൃ ആശുപത്രിയായി പ്രഖ്യാപിച്ച കൊണ്ടും, കൊല്ലം ജില്ലാ ആശുപത്രി, ഗവൺമെന്റ് വിക്ടോറിയ ആശുപത്രി, നീണ്ടകര താലൂക്ക് ആശുപത്രി എന്നിവയെ സ്പെഷ്യാലിറ്റി ക്ലിനിക്കൽ പരിശീലനത്തിനായി അഫിലിയേറ്റ് ചെയ്തുകൊണ്ടും കൊല്ലം ജില്ലയിലെ ചവറ നിയോജകമണ്ഡലത്തിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജിയ്ക്ക് (സിമെറ്റ്) കീഴിൽ, 60 ബി.എസ്.സി (നേഴ്സിംഗ്) സീറ്റോടെ പുതിയ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം 2025-26 അധ്യയന വർഷം പ്രാബല്യത്തിൽ അനുവദിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി നേഴ്സിംഗ് കോളേജിൽ ആദ്യ വർഷ ക്ലാസ്സുകൾ തുടങ്ങുന്നതിന് ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ മാനദണ്ഡങ്ങൾക്കനുസൃതമായ എണ്ണം അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സിമെറ്റ് ഡയറക്ടർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സിമെറ്റിന്റെ റൂൾസ് & റഗുലേഷൻസ് പ്രകാരം, സിമെറ്റിനുണ്ടാകുന്ന ചെലവുകൾ, തനത് വരുമാനത്തിൽ നിന്നും കണ്ടെത്താൻ സ്ഥാപനം ബാധ്യസ്ഥമാണ്. സിമെറ്റിലെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾസ് അനുസരിച്ച് സിമെറ്റിലെ നിയമനരീതി കരാർ വ്യവസ്ഥയും വേതനം കൺസോളിഡേറ്റഡ് പേ-യും ആയതിനാൽ നിലവിൽ സിമെറ്റിന് കീഴിൽ പ്രവർത്തിക്കുന്ന കോളേജുകളിൽ സൃഷ്ടിച്ചിരിക്കുന്ന എല്ലാ തസ്തികകൾക്കും താത്കാലിക സ്വഭാവമാണുള്ളത്.

**3.** സിമെറ്റിന്റെ തനത് ഫണ്ടിൽ നിന്ന് വേതനവും മറ്റ് ചെലവുകളും വഹിക്കേണ്ടതാണ് എന്ന വ്യവസ്ഥയിലും അധിക സാമ്പത്തികബാധ്യത സർക്കാർ ഏറ്റെടുക്കുന്നതല്ല എന്ന നിബന്ധനയോടെയും, സിമെറ്റിന് കീഴിൽ കൊല്ലം ചവറയിൽ ആരംഭിക്കുന്ന നേഴ്സിംഗ്

കോളേജിൽ ചുവടെ പട്ടികയിൽ ചേർത്തിരിക്കും പ്രകാരം അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ താത്ക്കാലികാടിസ്ഥാനത്തിൽ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. സ്പെഷ്യൽ റൂളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സിമെറ്റ് ഡയറക്ടർ ടി തസ്തികളിൽ നിയമനം നടത്തേണ്ടതാണ്.

| ക്രമ നം. | തസ്തിക | തസ്തികകളുടെ എണ്ണം |
|---|---|---|
| 1. | പ്രിൻസിപ്പൽ | 1 |
| 2. | അസോസിയേറ്റ് പ്രൊഫസർ | 1 |
| 3. | അസിസ്റ്റന്റ് പ്രൊഫസർ | 2 |
| 4 | ട്യൂട്ടർ/ലക്ചറർ | 2 |
| 5 | സീനിയർ സൂപ്രണ്ട് | 1 |
| 6. | ലൈബ്രേറിയൻ | 1 |
| 7. | എൽ.ഡി ക്ലർക്ക് | 2 |
| 8. | ഡ്രൈവർ | 1 |
| 9. | ലൈബ്രറി അറ്റൻഡന്റ് | 1 |
| 10. | ഹെൽപ്പർ | 2 |
| 11. | വാച്ച്മാൻ | 1 |
| | ആകെ | 15 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സിമെറ്റ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ.
രജിസ്ട്രാർ, കേരള നേഴ്സസ് ആൻഡ് മിഡൈ്വവ്സ് കൗൺസിൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ആഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 15-07-2025 17:04:42
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ആരോഗ്യ വനിതാ ശിശുക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്